34 (178) സ്കൂളുകൾക്ക് കേന്ദ്രം അനുവദിച്ച തുക

ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയ ഇന്റൻസീവ് പ്രോഗ്രാം ഫോർ ബാക്ക്വേർഡ് മൈനോറിറ്റീസ് സ്കീം അനുസരിച്ച് സംസ്ഥാനത്ത് ആരംഭിച്ച സ്കൂളുകൾക്ക് കഴിഞ്ഞ അദ്ധ്യയനവർഷവും നടപ്പുവർഷവും എത്ര തുകയാണ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത്.

(ബി) ഗ്രാന്റ് അനുവദിച്ചിട്ടില്ലെങ്കിൽ അനുവദിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്മേൽ സമ്മർദ്ദം ചെലുത്തുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഈ പദ്ധതിപ്രകാരം ആരംഭിച്ചിട്ടുള്ള സ്കൂളുകൾക്ക് - കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ് അർഹതപ്പെട്ട സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം ആരംഭിച്ച സ്കൂളുകൾക്ക് തുടർ സഹായം അനുവദിക്കാൻ വ്യവസ്ഥയില്ല.

35 (179) ഏരിയ ഇന്റൻസീവ് പ്രോഗ്രാം ഫോർ ബാക്ക്വേർഡ് മൈനോറിറ്റി സ്കീം പ്രകാരം അനുവദിച്ച അൺഎയ്ഡഡ് സ്കൂളുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഏരിയ ഇന്റൻസീവ് പ്രോഗ്രാം ഫോർ ബാക്ക്വേർഡ് മൈനോറിറ്റി സ്കീം' പ്രകാരം അനുവദിച്ച അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സർക്കാർ അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ബാധകമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇത് ബാധകമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) പരിശോധിക്കാവുന്നതാണ്.

36 (180) പ്രീഡിഗ്രി വേർപെടുത്തൽ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം അനുവദിച്ച മുഴുവൻ പ്ലസ് ടൂ സീറ്റുകളിലും വിദ്യാർത്ഥികൾക്കു പ്രവേശനം ലഭിച്ചിരുന്നോ;

(ബി) ഇല്ലെങ്കിൽ ഈവർഷം ഇപ്രകാരം സംഭവിക്കാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചു;

(സി) കോളേജുകളിൽനിന്ന് പ്രീഡിഗ്രി ബാച്ചുകൾ വേർപെടുത്തുന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല

(ബി) കഴിഞ്ഞ അദ്ധ്യയനവർഷം ഒന്നാംവർഷ ഹയർ സെക്കണ്ടറി ക്ലാസ്സുകൾ ആരംഭിക്കുന്നതിന് കുറച്ചു കാലതാമസം നേരിട്ടതുകൊണ്ടാണ് സീറ്റുകൾ ഒഴിവുവന്നത്. ഈവർഷം ക്ലാസ്സുകൾ നേരത്തെ ആരംഭിക്കുന്നതാണ്.

(സി) തീരുമാനം ആയിട്ടുണ്ട്.

37 (181) സംസ്ഥാനത്തെ പ്ലസ് ടൂ കോഴ്സുകൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 അദ്ധ്യയനവർഷം മുതൽ കോളേജുകളിൽ നടന്നുവരുന്ന പ്രീഡിഗ്രി കോഴ്സുകൾ പൂർണ്ണമായും നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്രവർഷം കൊണ്ടാണ് ഇവ പൂർണ്ണമായും കോളേജുകളിൽനിന്ന് വേർപെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഈ അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ എത്ര സ്കൂളുകളിലാണ് പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനത്ത് സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലും പ്ലസ് ടൂ കോഴ്സുകൾ ആരംഭിച്ച സ്കൂളുകളുടെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കുന്നതിനുമുമ്പ് അവ നടത്തുവാൻ അതാത് സ്കൂളുകളിൽ സൗകര്യം ഉണ്ടോയെന്ന് വിലയിരുത്താൻ സർക്കാർ സംവിധാനം ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly